**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6379** **20-03-2023 - ൽ മറുപടിയ്ക്ക്**

**വനേതര വൃക്ഷങ്ങൾ വ്യാവസായികമായി വളർത്തുന്നതിന് നയരൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഉറപ്പായും സംരക്ഷിക്കപ്പെടേണ്ട വനവൃക്ഷങ്ങളിലേക്ക് കയ്യേറ്റം വരാതിരിക്കാൻ വനേതര വൃക്ഷങ്ങൾ വ്യാവസായികമായി വളർത്തുന്നതിന് നയരൂപീകരണം പ്രാവർത്തികമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനപുനഃസ്ഥാപനത്തിനായി സർക്കാർ ഉത്തരവ് (കൈ)നം.29/2021/വനം തീയതി 17.11.2021 പ്രകാരം നയരേഖ തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത നയരേഖയിലെ ഖണ്ഡിക 2.14 പ്രകാരം വനത്തിനു വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗീകരണം വർദ്ധിപ്പിക്കുന്നതിനും, വനാശ്രിതത്വം കുറയ്ക്കുന്നതിനും, സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കും. ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും, കൃഷിക്കാരും, പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നയം നടപ്പിലാക്കുന്നത് വഴി വനേതര വൃക്ഷങ്ങൾ വനമേഖലക്ക് പുറത്ത് ധാരാളമായി വളർത്തുന്നതിന് സഹായകരമാകുന്നതാണ്. |
| (ബി) | വീട്, ഫർണിച്ചർ എന്നിവയുടെ നിർമ്മാണത്തിനും വിറകിനുമായി മാത്രമുള്ള മരങ്ങൾ വ്യാവസായികമായി നട്ടുവളർത്തി ഉപയോഗിക്കുക വഴി വനം സംരക്ഷിക്കുന്ന വിദേശ മാതൃക സംസ്ഥാനത്തും നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | വീട്, ഫർണിച്ചർ എന്നിവയുടെ നിർമ്മാണത്തിനും വിറകിനുമായി മാത്രമുള്ള മരങ്ങൾ വ്യാവസായികമായി നട്ടുവളർത്തി ഉപയോഗിക്കുന്നത് നിലവിൽ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം 2005 പ്രകാരവും, സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ വിവിധ പദ്ധതികൾ പ്രകാരവും നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിനാൽ വിദേശ മാതൃകകൾ നടപ്പിലാക്കേണ്ട ആവശ്യകത ഇല്ലാത്തതാണ്. |
| (സി) | സ്വകാര്യ ഭൂമിയിലും പാട്ട ഭൂമിയിലും ഇത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസിങ് | (സി) | സ്വകാര്യഭൂമിയിലും, പാട്ടഭൂമിയിലും, ഫർണിച്ചർ യൂണിറ്റ് /സോമിൽ ഉൾപ്പെടെയുള്ള മരാധിഷ്ഠിത വ്യവസായത്തിന് Kerala Forest (Regulation of |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | | Sawmills and Other Wood-based Industrial Units) Rules 2021 പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ചുള്ള നിയന്ത്രണങ്ങളും കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുടെ ലൈസൻസുകളും നിലവിലുള്ളതാണ് |

സെക്ഷൻ ഓഫീസർ